# മൃഗങ്ങളും അവയുടെ വികാരങ്ങളും II - വായിച്ചറിയുവാൻ

**വിദ്യാർത്ഥികൾ:** അടുത്ത നാലു കഥകൾ മൃഗങ്ങളുടെ പെരുമാറ്റം അവയുടെ വികാരങ്ങൾ ഇവയെല്ലാം ചിത്രീകരിക്കുന്നു. മനുഷ്യ കഥാപാത്രങ്ങൾ കരയുകയും ചിരിക്കുകയും തമാശ്ശപറയുകയും മറ്റും ചെയ്യാറുണ്ടല്ലോ. എന്താ മൃഗങ്ങളും അങ്ങിനെ ചെയ്യുക പതിവുണ്ടോ?

ഇനി നാലു കഥകളും വായിച്ചുനോക്കൂ. ആ മൃഗങ്ങളുടെ മാനസ്സികാവസ്ഥ എന്തായിരിക്കും എന്നു ആലോചിച്ചുനോക്കൂ. നിങ്ങൾക്കെപ്പോഴെങ്കിലും അത്തരം വികാരങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടോ. ഓരോ കഥയും വായിച്ച് അതിലെ മൃഗങ്ങൾ എന്ത് ചിന്തിച്ചിരിക്കും എന്നത് എഴുതുക. അധ്യാപകൻ പറയുന്നതുപോലെ, നിങ്ങൾക്ക് എപ്പോഴെങ്കിലും അത്തരം മാനസികാവസ്ഥ ഉണ്ടായിട്ടുണ്ടോ, ഉണ്ടായെങ്കിൽ നിങ്ങളുടെ പ്രതികരണം എന്തായിരുന്നു എന്നും എഴുതുക.

**അധ്യാപകർ:** ഈ നാലു കഥകൾ, മൃഗങ്ങളും മനുഷ്യരെപ്പോലെ വികാരമുള്ള ജീവികളാണെന്നും, അവയും മനുഷ്യരെപ്പോലെ പ്രതികരിക്കുന്നു എന്നും കാണിക്കുന്നു. കുട്ടികളോട് ചെറിയ ഗ്രൂപ്പുകളായോ, ക്ലാസ്സിൽ ഒരുമിച്ചോ ഈ കഥകൾ വായിക്കാൻ പറയുക. കഥയിലെ മൃഗങ്ങളുടെ വികാരങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തികളെക്കുറിച്ചും ചർച്ചചെയ്യുക. കുട്ടികൾക്ക് അത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അവർ എങ്ങിനെ പെരുമാറി എന്ന് ചോദിക്കുക.

ഓരോ കഥക്ക് ശേഷവും കുട്ടികളെക്കൊണ്ട് അവർക്കുണ്ടായ സമാനമായ അനുഭവങ്ങൾ എഴുതിക്കുക. അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട അഥവാ രസകരമായിത്തോന്നിയ ഓർമ്മകളെക്കുറിച്ച് ഓരോ പാരഗ്രാഫ് വീതം എഴുതിക്കുക. അവരുടെ ആ പെരുമാറ്റത്തിനും മൃഗങ്ങളുടെ പെരുമാറ്റത്തിനും സാദൃശ്യമുണ്ടായത് എന്തുകൊണ്ടെന്ന് വിവരിക്കാൻ പറയുക. ഈ കഥകൾ ചേർത്ത് ക്ലാസ്സിലേക്കുള്ള ഒരു നല്ല കഥാപുസ്തകം വികസിപ്പിച്ചെടുക്കാം. കുട്ടികൾ അവരുടെ ഓർമ്മയിൽ കവിഞ്ഞ പലതും സംഭാവന ചെയ്തേക്കും.

**കംപാഷനേറ്റ് സിറ്റിസൻെറ** തുടർച്ചയെ എഴുത്തു പരിശീലനമായോ വായനാശീലത്തിലേക്കുള്ള ചവിട്ടുപടിയായോ ഉപയോഗപ്പെടുത്താം. ഒരു സമ്പൂർണ്ണ പദ്ധതിയായി മാറ്റണമെങ്കിൽ മൃഗങ്ങളെക്കുറിച്ച് സംസാരിക്കാനും എഴുതുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക. മേൽപറഞ്ഞ പ്രവർത്തനത്തിന് ശേഷം യൂണിറ്റിൻെറ അവസാനത്തിൽ നൽകിയിട്ടുള്ള ലിസ്റ്റിൽപെട്ട ഒരു പുസ്തകമോ റിപ്പോർട്ടോ കുട്ടികളെ കൊണ്ട് തിരഞ്ഞെടുപ്പിച്ച് വായിപ്പിക്കുക. ആ പുസ്തകം അല്ലെങ്കിൽ റിപ്പോർട്ട് എന്തിനെകകുറിച്ചാണെന്ന് അവർതന്നെ പറയട്ടെ. മൃഗങ്ങൾക്കും വികാരങ്ങളുണ്ടെന്ന് തെളിയിക്കുന്ന ഒരു ഭാഗം ഉറക്കെ വായിപ്പിക്കുക. കുട്ടികൾ അവരുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കിടുന്നതിൽ ഉത്സാഹം പ്രകടിപ്പിക്കും.

## മൃഗങ്ങൾ ജീവൻ രക്ഷിച്ചു!

***ഒരു കൂട്ടം നാടൻ നായ്ക്കൾ ഒരു ചെറിയ കുട്ടിയുടെ ജീവൻ രക്ഷിച്ച കഥ.***



Adapted from the *Montgomery Journal* (Maryland, USA), 31 May 1996

പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഒരു റിപ്പോർട്ട് അനുസരിച്ച് 1996 ലെ ഒരു തണുത്ത രാത്രിയിൽ ആഹാരം തേടിയലയുന്ന ഒരു കൂട്ടം തെരുവുനായ്ക്കൾ ഒരു ചവറ്റുകൂനയിൽ ഒരു മനുഷ്യക്കുഞ്ഞിനെ കണ്ടു. തണുപ്പുകൊണ്ട് കരയുന്ന ആ കുഞ്ഞിനെ അവർ മണത്തുനോക്കി. അതിനു മുൻപ് അവർ ഇങ്ങിനെയൊരു മനുഷ്യക്കുഞ്ഞിനെ കണ്ടിട്ടില്ലായിരുന്നു. ആഹാരം തേടുന്നത് മതിയാക്കി ആ നിരാശ്രയനായ കുഞ്ഞിനു ചുറ്റും അവർ കാവൽ നിന്നു. ഒരു മനുഷ്യക്കുഞ്ഞിന് യോജിച്ചതായിരുന്നില്ല അപകടസാധ്യതയുള്ള ആ ചവറ്റുകൂന. കുഞ്ഞിന് ആഹാരം നൽകാനോ ചൂടുപകരാനോ ആരുമില്ലതാനും.

ആ നീണ്ട രാത്രിയിൽ തണുപ്പും, ക്ഷീണവും, വിശപ്പും കൊണ്ട് ആ കുഞ്ഞിന് ഉറങ്ങാൻ കഴിഞ്ഞില്ല. നായ്ക്കൾ രാത്രിമുഴുവൻ കാവൽനിന്നു. പ്രഭാതത്തിൽ അതിലെവന്ന ഒരു സ്ത്രീ ആ കുഞ്ഞിനെ കണ്ടു. നായ്ക്കൾ കുഞ്ഞിനെ എടുക്കാൻ അവരെ അനുവദിച്ചു. അവർ അതിനെ

സുരക്ഷിതമായ സ്ഥലത്ത് എത്തിക്കുമെന്ന് നായ്ക്കൾ മനസ്സിലാക്കിയതുപോലെ. സ്ത്രീ ആ കുഞ്ഞിനെ അടുത്ത പോലീസ് സ്റ്റേഷനിൽ എത്തിച്ചു. അവരെ അനുഗമിച്ച നായ്ക്കൾ സ്റ്റേഷനു പുറത്ത് കാത്തു നിന്നു. പോലീസുകാർ രക്ഷിതാവിനെ തിരിച്ചറിയാൻ കഴിയാത്ത ആ കുഞ്ഞിനെ മദർ തെരേസയുടെ അനാഥാശ്രമത്തിൽ എത്തിച്ചു.

ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും ഇങ്ങിനെ മൃഗങ്ങൾ,നായ്ക്കൾ,പന്നികൾ, ഡോൾഫിനുകൾ, കങ്കാരുകൾ തുടങ്ങിയവ മനുഷ്യരെ സഹായിച്ച കഥകൾ ലഭിച്ചിട്ടുണ്ട്.

©2001 To learn more about animals, check out: www.CompassionateCitizen.org

# മൃഗങ്ങളോട് സംസാരിക്കുക!

**കൊക്കൊ എന്ന ഗോറില്ല അമേരിക്കൻ ആംഗ്യ ഭാഷ പഠിച്ച് ഗോറില്ല കുടുംബത്തേക്കുറിച്ചും അവരുടെ വികാരങ്ങളെക്കുറിച്ചും മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു.**

Adapted from *Animals Who Have Won Our Hearts*, by Jean Craighead George. New York: HarperCollins, 1994

കൊക്കോ നൂറുകണക്കിന് വാക്കുകളുടെ ആംഗ്യ ഭാഷ പഠിച്ചു. അവൾ ആദ്യമായി ആഹാരം എന്ന് ആംഗ്യം കാണിച്ചപ്പോൾ അവളെ നോക്കിയിരുന്ന ഫ്രാൻസൈൻ പാറ്റേർസൺ എന്ന സ്ത്രീ അവൾക്ക് ആഹാരം കൊടുത്തു. അപ്പോൾ സന്തുഷ്ടയായ കൊക്കോ ഭക്ഷണപാത്രം തലയിൽ വെച്ച് തുള്ളിച്ചാടിനടന്നു.

അവൾക്കിഷ്ടമുള്ള വസ്തുക്കളുടെ പേരുകൾ അവൾ വേഗത്തിൽ പഠിച്ചിരുന്നു. ഇഷ്ടമില്ലാത്തവയുടെ പേരുകൾ പഠിക്കാൻ അവൾക്ക് മടിയായിരുന്നു. മുട്ട അവൾക്കിഷ്ടമില്ലായിരുന്നു. മുട്ട എന്ന് ആംഗ്യഭാഷയിൽ പറയാൻ അവൾ രണ്ടുമാസത്തിലധികമെടുത്തു. അവൾക്ക് ഇഷ്ടമുള്ള ബെറി എന്നത് അവൾ ഒരു മിനിട്ടുകൊണ്ടു പഠിച്ചു.

കൊക്കോ നല്ല തമാശക്കാരിയായിരുന്നു. ഒരു വെള്ള തൂവാല കാണിച്ച് അതിൻെറ നിറം എന്താണെന്ന് ചോദിച്ചുകൊണ്ടിരുന്നപ്പോൾ ബോറടിച്ച അവൾ പറഞ്ഞു ചുവപ്പ് എന്ന്. വീണ്ടും വീണ്ടും ചോദിച്ചപ്പോൾ ഉത്തരം അതുതന്നെ. എന്നിട്ട് ആ തുവാലയിൽ പറ്റിപ്പിടിച്ചിരുന്ന ഒരു ചുവന്ന നൂൽക്കഷണം ചൂണ്ടി തുള്ളിച്ചാടിക്കൊണ്ട് അവൾ പറഞ്ഞു ചുവപ്പ്.

അവൾ എന്തിനെയെല്ലാം, ആരെയെല്ലാം ഇഷ്ടപ്പെടുന്നില്ല എന്ന് അവൾ ആംഗ്യഭാഷയിൽ പറഞ്ഞു. അവൾക്ക് ആരോടെങ്കിലും ശരിക്കു ദേഷ്യം വന്നാൽ അയാളെ ചീമുട്ട എന്ന് വിളിക്കും. അവൾക്ക് ഒരു ചങ്ങാതി ഉണ്ടായിരുന്നു. മൈക്ക് എന്ന ഒരു ചെറുപ്പം ഗോറില്ല. അവൾക്ക് അവനോട് അസൂയതോന്നുമ്പോൾ മൈക്ക്നട്ട് എന്നാണവൾ വിളിച്ചിരുന്നത്. അവളുടെ ശിക്ഷകനായ മി. റോൺകോൺ അവൾ അനുസരണക്കേട് കാണിച്ചപ്പോൾ അവളെ ശാസിച്ചു. അപ്പോൾ അവൾ അയാളെ " സ്റ്റുപ്പിഡ് ഡെവിൾ ഹെഡ് " എന്ന് വിളിക്കുകയുണ്ടായി.

കൊക്കോവിനേയും മൈക്കിനേയും പോലുള്ള ഗോറില്ലകൾക്ക് പ്രകൃതിദത്തമായ ചുറ്റുപാടുകൾ ആവശ്യമാണെന്ന് ഫ്രാൻസൈൻ പാറ്റേർസണ് ബോദ്ധ്യമായി. അങ്ങിനെയവർ കൊക്കോവിനും മൈക്കിനും യഥേഷ്ടം മരം കയറാനും പഴങ്ങൾ പറിച്ചുതിന്നാനും സൗകര്യമുള്ള നാട്ടിൻ പുറത്തേക്ക് താമസം മാറ്റി.

കൊക്കൊ തന്നെയും തൻെറ വർഗ്ഗത്തേയും കുറിച്ചുള്ള അവളുടെ അഭിപ്രായം ആംഗ്യഭാഷയിൽ പ്രകടിപ്പിക്കുന്നത് ഇങ്ങിനെയാണ്. “നല്ല മൃഗം ഗോറില്ല”.

## നിങ്ങൾക്ക് ഇതും അറിയുമോ ?

- **പക്ഷികൾ സന്ദർഭാനുസരണം വ്യത്യസ്ത ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. വിയർപ്പ്, മഴ, അപകടം, സഹായാഭ്യർത്ഥന ഇവക്കെല്ലാം പ്രത്യേകം ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. മഴയടുക്കുമ്പോൾ കുയിൽ കൂകുന്നത് സാധാരണമാണ്.**
- **ഒരു പ്രദേശത്തുള്ള തിമിംഗലങ്ങൾ ഒരേതരത്തിൽ പാട്ടുപാടുന്നു. ഓരോ ചെറിയ കൂട്ടത്തിനും അവരുടേതായ കഥകൾ പറയാൻ ഉണ്ടാകും.**



- **വൈദ്യുത മത്സ്യങ്ങൾ വിദ്യുത് സന്ദേശങ്ങൾ അയക്കുമ്പോൾ അവർ സ്വയംസംസാരിക്കുന്നത് കേൾക്കുന്നില്ല.** *(Animal Behavior, Jim Halliday, ed., 1994)*

©2001 To learn more about animals, check out: www.CompassionateCitizen.org

# ആരെങ്കിലും ചത്താൽ മൃഗങ്ങളും ദുഖിക്കുന്നു.

***ദാമിനി എന്ന പിടിയാന വർഷങ്ങളോളം വളരെ കഠിനാധ്വാനം ചെയ്തു ജീവിച്ചു. അവളുടെ മാതാപിതാക്കൾ ആരെന്നൊ, ജനിച്ചുവളർന്നത് എവിടെയെന്നോ ആർക്കും അറിയില്ല. അവൾക്ക് 72 വയസ്സുള്ളപ്പോഴാണ് നിയമവിരുദ്ധമായി അവളെ കടത്തിക്കൊണ്ട് പോകുന്നവരിൽ നിന്ന് അവളെ രക്ഷപ്പെടുത്തിയത്. ലഖ്നൗവിലെ പ്രിൻസ് ഓഫ് വെയിൽസ് മൃഗശാലയിൽ വെച്ച് അഞ്ചുമാസം കഴിഞ്ഞാണ് അവൾ ചമ്പാക്കലി എന്ന മറ്റൊരു പിടിയാനയുമായി ചങ്ങാത്തംസ്ഥാപിച്ചത്.***

Adapted from the Associated Press, Lucknow, India, 16 May 1999

ചമ്പാക്കലി മൃഗശാലയിൽ എത്തിയത് ദില്ലിയിൽ നിന്ന് 500 കി. മീറ്ററിലധികം ദൂരെയുള്ള ധുധ്‌വാ നാഷണൽ പാർക്കിൽ നിന്നായിരുന്നു. ടൂറിസ്റ്റുകളെ സവാരിക്കു കൊണ്ടുപോകലായിരുന്നു അവളുടെ നിർബന്ധിത തൊഴിൽ. അവൾ ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ പാർക്കിൻെറ അധികാരികൾ അവളെ മൃഗശാലയിലേക്ക് അയക്കുകയായിരുന്നു. പ്രസവശേഷം ആനയെ എങ്ങിനെ പരിചരിക്കുമെന്ന് മൃഗശാലാ ജീവനക്കാർ ഭയപ്പെട്ടു. എന്നാൽ ദാമിനി ചമ്പാക്കലിയെ ഒരു കൊച്ചനിയത്തിയായി ദത്തെടുത്തു. രണ്ടാനകളും വലിയ സുഹൃത്തുക്കളായി. സദാസമയവും പരസ്പരം തൊട്ടും തടവിയും കഴിഞ്ഞുകൂടി.

ആനകൾ അന്യോന്യം അടുക്കുന്ന, സുഹൃദ്ബന്ധം സ്ഥാപിക്കുന്ന സാമൂഹ്യ ജീവികളാണ്. ആനകൾ തമ്മിൽ തമ്മിൽ പരിചരിക്കുകയും മറ്റുള്ളവരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുകയും പതിവാണ്. കുഞ്ഞുങ്ങളേയും അസുഖം ബാധിച്ചവരേയും എല്ലാവരും ചേർന്ന് സഹായിക്കുന്നു. ഒരാന ചത്താൽ മറ്റുള്ളവ അതിൻെറ കുടുംബാംഗങ്ങളെ സാന്ത്വനപ്പെടുത്തുന്നു. ചത്ത ആനകളുടെ എല്ലുകൾ അവർ സ്പർശിക്കാറുണ്ട്. വിട്ടുപോയവരെ അവർ ഓർമ്മിക്കുന്നത് അങ്ങിനെയാണെന്ന് വിദഗ്ദർ പറയുന്നു.

ചമ്പാക്കലിയും ദാമിനിയും സഹോദരികളെപ്പോലെ ആയിരുന്നു. ചമ്പാക്കലിയും കുഞ്ഞും ചികിത്സക്കിടയിൽ മരണമടഞ്ഞപ്പോൾ ദാമിനി കണ്ണീരൊഴുക്കി. അവൾ പിന്നീട് ആഹാരം കഴിക്കുന്നത് നിർത്തി, ഒന്നിലും ശ്രദ്ധിക്കാതെയായി. 24 ദിവസം മൃഗശാലയിലെ ജോലിക്കാരും ഡോക്ടർമാരും അവളുടെ ജീവൻ രക്ഷിക്കാൻ പരമാവധി ശ്രമിച്ചു.

പക്ഷേ അവരുടെ ശ്രമം പരാജയപ്പെട്ടു. ചമ്പാക്കലിയുടെ വേർപാട് ദാമിനിയിൽ കടുത്ത ആഘാതം സൃഷ്ടിച്ചു എന്ന് മൃഗശാല ജീവനക്കാർ പറഞ്ഞു. അവൾക്ക് തുടർന്ന് ജീവിക്കാനായി മറ്റൊന്നുമുണ്ടായിരുന്നില്ല. ആ ദുഃഖാവസ്ഥയിൽ ദാമിനിക്ക് മറ്റ് ആനകളുടെ സാന്ത്വനം ലഭിച്ചിരുന്നെങ്കിൽ, ഒരു പക്ഷേ അവൾ മരിക്കുമായിരുന്നില്ല എന്ന് വിദഗ്ദർ പറയുന്നു.

## നിങ്ങൾക്ക് അറിയുമോ ?

- **ആൻറി ഗിഗ്ഗി എന്ന കുഞ്ഞുങ്ങളില്ലാത്ത പ്രായമായ ഒരു ചിമ്പാൻസി മാതാപിതാക്കൾ മരിച്ച് അനാഥരായ രണ്ടു ചിമ്പാൻസി കുഞ്ഞുങ്ങളെ ദത്തെടുത്തു.** (*The Great Ape Project*, Paola Cavalieri & Peter Singer, eds., 1993)
- **ആനകൾ പലപ്പോഴും മരിക്കാറായ ബന്ധുക്കളെ താങ്ങി നിർത്തുകയും അവർക്ക് ഭക്ഷണം കൊടുക്കുകയും ചെയ്യാറുണ്ട്. അവർ മരിച്ചാൽ ആനകൾ ദുഃഖിക്കാറുണ്ട്. ചിലപ്പോൾ ജഡം മറവുചെയ്യാറുമുണ്ട്.** (*When Elephants Weep: The Emotional Lives of Animals*, Jeffrey Moussaieff Masson & Susan McCarthy, 1995)
- **ഒരു തരം താറാവു വർഗ്ഗത്തിൽ ഇണകൾ തമ്മിലുള്ള ബന്ധം ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്നു. താറാവുകൾ കാഴ്ചയില്ലാത്ത കൂട്ടുകാർക്ക് ആഹാരം കൊടുക്കുന്നതും പതിവാണ്.** (*The Souls of Animals*, Gary Kowalski, 1991)



©2001 To learn more about animals, check out: www.CompassionateCitizen.org

# മൃഗങ്ങൾ ധീരന്മാരാണ് !

## ടാംഗ് എന്ന ഒരു ന്യൂഫൗണ്ട്ലാണ്ട് നായ കൊടുങ്കാറ്റിൽ പെട്ട് മുങ്ങിക്കൊണ്ടിരുന്ന കപ്പലിലെ 92 പേരെ രക്ഷിച്ചു.

Adapted from *Dog Heroes, by* Tim Jones. Seattle: Epicenter Press, 1995

1919 ഡിസമ്പറിലുള്ള ഒരു കൊടുങ്കാറ്റിൽ "എത്തി" എന്ന് പേരുള്ള ഒരു കപ്പൽ കനഡയിൽ ന്യൂ ഫൗണ്ട്ലാണ്ടിലെ പാറക്കെട്ടുകളിൽ അടിച്ച് തകരുകയുണ്ടായി. പാറക്കെട്ടുകൾക്കിടയ്ക്ക് ആഞ്ഞടിക്കുന്ന തിരമാലകളിൽ അകപ്പെട്ട ആ കപ്പലിൽ 93 പേരുണ്ടായിരുന്നു. നാവികർ ഒരു വടം തീരത്തു നില്ക്കുന്നവർക്ക് എറിഞ്ഞുകൊടുക്കാൻ ശ്രമിച്ച് പരാജയപ്പെട്ടു. അവരിൽ ഒരാൾ കയറുമെടുത്ത് കടലിലേക്ക് ചാടി. കരയിലേക്ക് നീന്താൻ ശ്രമിച്ചെങ്കിലും അയാൾ എന്നന്നേക്കുമായി കടലിൽ അപ്രത്യക്ഷനായി.

അപ്പോഴാണ് കപ്പലിലുണ്ടായിരുന്ന ടാംഗ് എന്ന ന്യൂഫൗണ്ട്ലാണ്ട് നായയെ ക്യാപ്റ്റൻ ഓർത്തത്. ടാംഗ് തന്നെ അവസാനത്തെ ആശാകേന്ദ്രമെന്ന് അദ്ദേഹത്തിന് തോന്നി. അദ്ദേഹം കയറിൻെറ അറ്റം ടാംഗിനു നൽകി. കയറും കടിച്ചു പിടിച്ച് അവൻ കടലിൽ ചാടി നീന്താൻ തുടങ്ങി. വൻതിരമാലകളേയും ശക്തമായ കാറ്റിനേയും കീറിമുറിച്ച് അവൻ നീന്തി. അടിയൊഴുക്ക് അവനെ കടലിലേക്ക് വലിക്കുകയായിരുന്നു. കണ്ണിലും മൂക്കിലും വെള്ളം അടിച്ചുകയറി. അതൊന്നും വകവെക്കാതെ അവൻ നീന്തി കരയിലെത്തി. തീരത്തു നിന്നവർ മുന്നോട്ട് ഓടിവന്ന് ടാംഗിനെ കരയിൽ എത്തിച്ചു. അവർ കയർ പിടിച്ചുവാങ്ങി ബലമുള്ള എന്തിലോ ബന്ധിച്ചു. ആ കയർ ഉപയോഗിച്ച് മുങ്ങുന്ന കപ്പലിലെ ആളുകളെ കരയിലെത്തിച്ചു. അങ്ങനെ 92 പേരുടെ ജീവൻ രക്ഷപ്പെട്ടു.

കരയിൽ എത്തിയ ടാംഗ് പിന്നെ എന്തുചെയ്തു എന്ന് ആരും രേഖപ്പെടുത്തിയിട്ടില്ല എങ്കിലും അവൻ അവൻെറ മനുഷ്യ സുഹൃത്തുക്കളേയും നോക്കി കപ്പലിൽ നിന്ന് വരുന്ന ഓരോരുത്തരേയും സ്വീകരിക്കാൻ നിന്നിരിക്കുമെന്ന് ഊഹിക്കാമല്ലോ. ലണ്ടനിലെ പ്രസിദ്ധമായ ലോയ്ഡ്സ് ഇൻഷ്വറൻസ് കമ്പനി ടാംഗിന് ധീരതക്കുള്ള മെഡൽ സമ്മാനിച്ചു. അവൻ അത് ജീവിതകാലം മുഴുവൻ ധരിച്ചിരുന്നു.

### നിങ്ങൾക്ക് ഒരു കാര്യം കൂടി അറിയുമോ ?

- **ഒരു നായയും താറാവും കൂടി ഒരമ്മയെ മുങ്ങിചാകാൻ പോകുന്ന മകൻെറ അടുത്ത് എത്തിച്ചു.** (Real Animal Heroes, Paul Drew Stevens, 1989)

- **ഒരു വന്യമൃഗ നിരീക്ഷകൻ ഒരിക്കൽ ഒരു കാഴ്ച കണ്ടു. അമ്മ കാണ്ടാമൃഗം വീണ്ടും വീണ്ടും വീണ്ടും കുത്താൻ വരുമ്പോഴും ഒരു ആന ചേറിൽ ആഴ്ന്നുപോയിരുന്ന ഒരു കാണ്ടാമൃഗ കുഞ്ഞിനെ രക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു!**



(When Elephants Weep: The Emotional Lives of Animals, Jeffrey Moussaieff Masson & Sudan McCarthy, 1995)

## മൃഗങ്ങളെക്കുറിച്ചറിയാൻ വായിക്കേണ്ട ചില പുസ്തകങ്ങൾ

- *Beautiful Joe by Marshall Saunders, retold by Quinn Currie, 1990*
- *Black Beauty by Anna Sewell, 1877*
- *The Bollo Caper by Art Buchwald, 1983*
- *Cat Stories by James Herriot, 1994*
- *Charlotte's Web by E.B. White, 1952*
- *The Girl Who Loved Wild Horses by Paul Goble, 1978*
- *Hunter and His Dog by Brian Wildsmith, 1989*
- *In Hawk, I'm Your Brother by Byrd Baylor, 1976*
- *Julie of the Wolves by Jean Craighead George, 1974*
- *Perfect the Pig by Susan Jeschke, 1980*
- *Pets Without Homes by Caroline Arnold, 1983*
- *Sandy of Laguna by Joseph Bell, 1992*
- *The Secret of NIMH by Robert O'Brien, 1982*
- *That Quail, Robert by Margaret Stanger, 1966*
- *William's Story by Debra Duel, 1992*

©2001 To learn more about animals, check out: www.CompassionateCitizen.org